കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതി പ്രകാരം 231 സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികളും 24 സ്കൂൾ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്കീമുകൾ

31 [2747] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏതെല്ലാം സ്കീമുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 1000 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ പമ്പ് ഓപ്പറേറ്റർമാരെ ആവശ്യമില്ലെന്ന് പഞ്ചായത്തുകൾ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 163 സ്കീമുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. വിശദാംശം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്വജൽധാര കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് രീതി

32 [2748] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്വജൽധാര കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് രീതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിൽ എത്ര പദ്ധതികളാണ് സംസ്ഥാനത്ത് ഇതേവരെയായി പൂർത്തിയാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിക്ക് വേണ്ടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി. റ്റി. എ.-കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10% തുകയിൽ 5% തുക ഗുണഭോക്താക്കൾ

LIBRARY ARCHIVES Kerala Legislative Assembly